# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1122

10.08.2017-ന് മറുപടിയ്ക്ക്

## പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം

**ചോദ്യം**

ശ്രീ.ആർ. രാജേഷ്
,, കെ. ബാബു
,, ജോർജ് എം. തോമസ്
ശ്രീമതി.വീണാ ജോർജ്ജ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വിഷയ പഠനത്തോടൊപ്പം വിദ്യാർത്ഥിയുടെ സമഗ്ര വികസനവും പരിസ്ഥിതി അവബോധവും വളർത്താനായി എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വിഷയ പഠനത്തോടൊപ്പം വിദ്യാർത്ഥിയുടെ സമഗ്ര വികസനവും പരിസ്ഥിതി അവബോധവും വളർത്താനായി ചുവടെ ചേർക്കുന്ന സംവിധാനങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാനും നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയം നടത്തുവാനും അപ്രകാരം അദ്ധ്യാപക-അദ്ധ്യയന തലങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിനും ഉതകുന്ന അദ്ധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.
2. 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ വികസിപ്പിച്ച് കൂടുതൽ പഠനാനുഭവങ്ങൾ കുട്ടികൾക്ക് നേരിട്ട് അറിയുന്നതിനായി സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുക.
3. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
4. പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അംഗൻവാടി, പ്രീപ്രൈമറി സ്കൂളുകളിലെ

വിദ്യാർത്ഥി സമീപന രീതി ആധുനികമായി പരിഷ്കരിക്കുക.

5. സ്കൂൾ വായനശാലകളും ലബോറട്ടറികളും നവീകരിക്കുക.
6. പിന്നോക്കം നിൽകുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

| | |
|---|---|
| (ബി) അക്കാദമിക മികവ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതോടൊപ്പം സാമൂഹ്യ പ്രതിബദ്ധതയും സൃഷ്ടിക്കാനുതകുന്ന തരത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ ശക്തിപ്പെട്ടുത്താനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. സാമൂഹിക പ്രതിബദ്ധത വളർത്തുന്ന തരത്തിൽ പരസ്പരം സഹായിച്ചും അനുഭവങ്ങൾ പങ്കുവച്ചും പഠനത്തിൽ മുന്നേറാൻ പ്രേരിപ്പിക്കുന്ന സമീപനമാണ് പാഠ്യപദ്ധതി സ്വീകരിച്ചിട്ടുള്ളത്. |
| (സി) സ്വകാര്യ ട്യൂഷനും ഗൈഡ് സംസ്ക്കാരവും കോച്ചിംഗ് സെന്ററുകളും അനിവാര്യമാക്കിയത് പാഠ്യപദ്ധതി അവതരണത്തിന്റേയോ അദ്ധ്യയന രീതിയുടെയോ തകരാറുമൂലമായതിനാൽ അതു കണ്ടെത്തി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സ്വകാര്യ ട്യൂഷൻ, ഗൈഡ് സംസ്കാരം തുടങ്ങിയ ബാഹ്യ ഇടപെടലുകൾക്ക് അവസരം നൽകാത്ത വിധത്തിൽ പാഠ്യപദ്ധതിയെയും പരീക്ഷാ രീതിയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ